# പതിമൂന്നാം കേരള നിയമസഭ

# പരിസ്ഥിതി സംബന്ധിച്ച സമിതി
# (2014-2016)

## ഇരുപത്തിയെട്ടാമത് റിപ്പോർട്ട്

(2015 ഡിസംബർ 16-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[പരിസ്ഥിതി സംബന്ധിച്ച സമിതി (2011-2014) യുടെ നാലാമത് റിപ്പോർട്ടിലെ (സംസ്ഥാനത്തെ റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗം സംബന്ധിച്ച്) ശിപാർശകളിന്മേൽ/നിർദ്ദേശങ്ങളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച്]**


കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

2015

പതിമൂന്നാം കേരള നിയമസഭ

# പരിസ്ഥിതി സംബന്ധിച്ച സമിതി
# (2014-2016)

**ഇരുപത്തിയെട്ടാമത് റിപ്പോർട്ട്**

(2015 ഡിസംബർ 16-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[പരിസ്ഥിതി സംബന്ധിച്ച സമിതി (2011-2014) യുടെ നാലാമത് റിപ്പോർട്ടിലെ (സംസ്ഥാനത്തെ റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗം സംബന്ധിച്ച്) ശിപാർശകളിന്മേൽ/നിർദ്ദേശങ്ങളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച്]**

96/2016.

# ഉള്ളടക്കം


| | | | പേജ് |
|---|---|---|---|
| സമിതിയുടെ ഘടന | | .. | v |
| മുഖവുര | | .. | vii |
| അദ്ധ്യായം I | : റിപ്പോർട്ട് | .. | 1 |
| അദ്ധ്യായം II | : സമിതിയുടെ ശിപാർശകൾ, അതിന്മേൽ വിവിധ വകുപ്പുകളിൽ നിന്നും ലഭിച്ചതും സമിതി അംഗീകരിച്ചതുമായ നടപടി സ്റ്റേറ്റ്മെന്റുകൾ എന്നിവ സംബന്ധിച്ച വിശദാംശം | .. | 1 |

# പരിസ്ഥിതി സംബന്ധിച്ച സമിതി

# (2014-2016)

## ഘടന

അദ്ധ്യക്ഷൻ :

ശ്രീ. സി. പി. മുഹമ്മദ്

അംഗങ്ങൾ :

ശ്രീ. റ്റി. എ. അഹമ്മദ് കബീർ

ശ്രീ. എ. എം. ആരിഫ്

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

പ്രൊഫ. സി. രവീന്ദ്രനാഥ്

ശ്രീ. മുല്ലക്കര രത്നാകരൻ

ശ്രീ. കെ. എം. ഷാജി

ശ്രീ. എം. വി. ശ്രേയാംസ് കുമാർ

ശ്രീ. പി. സി. വിഷ്ണുനാഥ്

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. റ്റി. മനോഹരൻ നായർ, ജോയിന്റ് സെക്രട്ടറി

ശ്രീ. രാജു, കെ. എ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ആർ. മോഹനദാസ്, അണ്ടർ സെക്രട്ടറി.

# മുഖവുര

പരിസ്ഥിതി സംബന്ധിച്ച സമിതി (2014-16) യുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ നിയോഗാനുസരണം ഇരുപത്തിയെട്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ഈ റിപ്പോർട്ട് 2015 ഡിസംബർ മാസം 15-ാം തീയതി കൂടിയ സമിതിയോഗം അംഗീകരിച്ചു.

സി. പി. മുഹമ്മദ്,

*അദ്ധ്യക്ഷൻ,*

*പരിസ്ഥിതി സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2015 ഡിസംബർ 15.

# റിപ്പോർട്ട്

## അദ്ധ്യായം I

പരിസ്ഥിതി സംബന്ധിച്ച സമിതി (2011-14) യുടെ നാലാമത് റിപ്പോർട്ട് (സംസ്ഥാനത്തെ റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗം സംബന്ധിച്ച്) 2012 ഡിസംബർ 19-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി.

2. സംസ്ഥാനത്തെ നദികളെ സംരക്ഷിക്കുന്നതിനായി സംസ്ഥാന സർക്കാർ പാസ്സാക്കിയ '2001-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും ആക്ടിലെ' വ്യവസ്ഥകൾ നടപ്പാക്കുന്നതിൽ ബന്ധപ്പെട്ടവർ വേണ്ടത്ര ശ്രദ്ധ കാട്ടുന്നില്ലായെന്നും ആക്ട് പ്രകാരം സ്വരൂപിക്കുന്ന റിവർ മാനേജ്മെന്റ് ഫണ്ട് യഥാവിധം വിനിയോഗിക്കുകയാണെങ്കിൽ സംസ്ഥാനത്തെ നദികളുടെ ഇന്നത്തെ ശോച്യാവസ്ഥ പരിഹരിക്കുവാൻ സാധിക്കുമെന്ന് വിലയിരുത്തിയ സമിതി റിവർ മാനേജ്മെന്റ് ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച് വിശദമായ പഠനം നടത്തുവാൻ തീരുമാനിക്കുകയുണ്ടായി. സമിതി നടത്തിയ പ്രസ്തുത പഠനത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ സമിതിയുടെ നാലാമത് റിപ്പോർട്ടിൽ ആകെ 13 ശിപാർശകളാണ് ഉണ്ടായിരുന്നത്. സമിതിയുടെ ശിപാർശകളിന്മേൽ അനന്തര നടപടികൾ സ്വീകരിക്കുന്നതിലേക്കായി റിപ്പോർട്ടിന്റെ പ്രതികൾ 25-3-2013-ന് ബന്ധപ്പെട്ട വകുപ്പുകൾക്ക് അയച്ചുകൊടുക്കുകയുണ്ടായി.

3. റിപ്പോർട്ടിലെ ശിപാർശകളിന്മേൽ മറുപടി ലഭിക്കാത്തത് സംബന്ധിച്ച് സമിതി 27-8-2014, 5-8-2015 എന്നീ തീയതികളിൽ ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാരിൽ നിന്ന് തെളിവെടുപ്പ് നടത്തുകയുണ്ടായി. സമിതിയുടെ ശിപാർശകളിന്മേൽ റവന്യൂ, തദ്ദേശസ്വയംഭരണം, ജലവിഭവം എന്നീ വകുപ്പുകൾ ലഭ്യമാക്കിയ മറുപടികൾ പരിഗണിച്ച സമിതി, പ്രസ്തുത മറുപടികളിൽ കൂടുതൽ വ്യക്തത വരുത്തുന്നതിലേക്കായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്ന് വീണ്ടും തെളിവെടുപ്പ് നടത്തുകയും വകുപ്പുകൾ ലഭ്യമാക്കിയ മറുപടികൾ അംഗീകരിക്കുകയും ചെയ്തു.

4. പരിസ്ഥിതി സംബന്ധിച്ച സമിതി (2011-14) യുടെ നാലാമത് റിപ്പോർട്ടിലെ ശിപാർശകൾ അവയിന്മേൽ റവന്യൂ, തദ്ദേശസ്വയംഭരണം, ജലവിഭവം, ആഭ്യന്തരം, പരിസ്ഥിതി, വിജിലൻസ് എന്നീ വകുപ്പുകൾ ലഭ്യമാക്കിയതും സമിതി അംഗീകരിച്ചതുമായ മറുപടികൾ എന്നിവ സംബന്ധിച്ച വിശദാംശം ഈ റിപ്പോർട്ടിന്റെ രണ്ടാം അദ്ധ്യായത്തിൽ ചേർത്തിരിക്കുന്നു.

## അദ്ധ്യായം II

## സമിതി(2011-14) യുടെ നാലാമത് റിപ്പോർട്ടിലെ ശിപാർശകൾ, അവയിന്മേൽ സർക്കാരിന്റെ വിവിധ വകുപ്പുകളിൽ നിന്നും ലഭിച്ചതും സമിതി അംഗീകരിച്ചതുമായ മറുപടികൾ എന്നിവ സംബന്ധിച്ച വിശദാംശം

### ശിപാർശ 1

2001-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും ആക്ടിലെ ചട്ടം 17(1) പ്രകാരം ജില്ലാ കളക്ടർ കടവോ നദീതീരമോ പരിപാലിക്കുന്നതിനാവശ്യമായ

എല്ലാ ചെലവുകളും വഹിക്കുന്നതിലേക്കായി റിവർ മാനേജ്മെന്റ് ഫണ്ട് എന്ന പേരിൽ ഒരു ഫണ്ട് വച്ചുപോരേണ്ടതാണെന്നും 17(2) പ്രകാരം തദ്ദേശാധികാര സ്ഥാപനങ്ങൾ മണൽ വിൽപ്പനയിലൂടെ സ്വരൂപിക്കുന്ന തുകയുടെ അൻപത് ശതമാനം ജില്ലാ കളക്ടർ വച്ചുപോരുന്ന റിവർ മാനേജ്മെന്റ് ഫണ്ടിലേക്ക് നൽകേണ്ടതാണെന്നും വ്യവസ്ഥ ചെയ്യുന്നു. ബാക്കിവരുന്ന അൻപതുശതമാനം തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്തിനുവേണ്ടി വിനിയോഗിക്കുന്നു എന്നും നദികളുടെ സംരക്ഷണത്തിനുവേണ്ടി ഈ തുക ചെലവഴിക്കുന്നുണ്ടോ എന്നും വ്യക്തമല്ല. അതിനാൽ പ്രസ്തുത തുക നദികളിലെ മലിനീകരണം തടയുന്നതിനും നദികളുടെ സംരക്ഷണത്തിനുമായി വിനിയോഗിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**(എ) തദ്ദേശസ്വയംഭരണ (ആർ.സി.) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 59021/ആർ.സി 3/13/തസ്വഭവ തീയതി 25-02-2014)

നിയമപരവും വസ്തുതാപരവുമായ താഴെപ്പറയുന്ന കാരണങ്ങളാൽ ഈ ശിപാർശ പുനഃപരിശോധിക്കണമെന്ന് സമിതിയോട് അഭ്യർത്ഥിക്കുന്നു: പരമ്പരാഗത കുടിവെള്ള സ്രോതസ്സുകൾ സംരക്ഷിക്കുക, പുഴകളും കുളങ്ങളും മറ്റ് ജലസ്രോതസ്സുകളും സംരക്ഷിക്കുക എന്നീ കാര്യങ്ങൾ ഭരണഘടനയും പഞ്ചായത്ത്/മുനിസിപ്പാലിറ്റി ആക്റ്റും പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലകളാണ്. കേരള പഞ്ചായത്ത് ആക്റ്റ് വകുപ്പ് 218, മുനിസിപ്പൽ ആക്റ്റ് വകുപ്പ് 208 എ എന്നിവ പ്രകാരം മേൽപ്പറഞ്ഞ സ്രോതസ്സുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ് (കുടിവെള്ളമാകട്ടെ പൊതുജനങ്ങളുടെ ഉപയോഗത്തിന് ) ഒരു ചിരാനുഭവ അവകാശം നൽകത്തക്കവിധത്തിൽ, എല്ലാ ജലസ്രോതസ്സുകളും തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിക്ഷിപ്തമാക്കിയിരിക്കുന്നു). ഇതനുസരിച്ച് ജലം ഉൾപ്പെടെ മൂല്യമുള്ള യാതൊരു വസ്തുവും സ്ഥാപനത്തിന്റെ അനുമതിയില്ലാതെ നീക്കം ചെയ്യാൻ പാടില്ല. മണലിൽ പുതഞ്ഞ് കിടക്കുന്ന തടി ഉരുപ്പടികൾ പോലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അവകാശപ്പെട്ടതാണ്.

ഈ ഉടമസ്ഥാവകാശ പ്രകാരമാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പതിറ്റാണ്ടുകളായി മണൽ ലേലം ചെയ്ത് കൊടുത്തിരുന്നതും ഇപ്പോൾ ഇതിൽ 50 ശതമാനം തുക കളക്ടറുടെ ഫണ്ടിലേക്ക് ഒടുക്കിയിട്ട് ബാക്കി തുക തനത് ഫണ്ടിലേക്ക് ചേർക്കുന്നതും, നദീഭാഗം പുനർനിക്ഷിപ്തം ആകാതെയോ ആക്കാതെയോ കുടിവെള്ളം ഉൾപ്പെടെ യാതൊന്നും വൻതോതിൽ നീക്കം ചെയ്യാൻ പാടുള്ളതല്ല. 2001-ലെ നിയമം വകുപ്പ് 12(3) അനുസരിച്ച് ഗ്രാമപഞ്ചായത്തോ മുനിസിപ്പാലിറ്റിയോ നിമയത്തിലേയോ ചട്ടങ്ങളിലേയോ വ്യവസ്ഥയനുസരിച്ച് മണൽ നീക്കം ചെയ്യൽ പ്രവർത്തനങ്ങൾ നടത്തുന്നതിന് ആവശ്യമായ ഒരുക്കങ്ങൾ ചെയ്യണമെന്ന് ആവശ്യപ്പെടുന്നു. മണലിൻമേലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ കുത്തക അവകാശം അംഗീകരിച്ച് കൊണ്ടാണ് ഈ വ്യവസ്ഥ

നിയമത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. നദീതീര സംരക്ഷണത്തിനും നദീതീരത്തിന്റെ മാനേജ്മെന്റിനും ആണ് റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും കളക്ടർ ചെലവാക്കണ മെന്ന് വകുപ്പ് 17(1) നിഷ്കർഷിക്കുന്നത്. അതിനാൽ മാനേജ്മെന്റ് ഫണ്ടിൽ പെടാത്ത തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ തനതുവരുമാനത്തിൽ നിന്ന് ഇക്കാര്യത്തിലേക്ക് തുക ചെലവാക്കണമെന്ന് നിയമപരമായി ആവശ്യപ്പെടാൻ ആവില്ല. മണൽ നീക്കം ചെയ്യുന്നതിൽ നിയന്ത്രണം ഏർപ്പാടാക്കുന്നതുൾപ്പെടെ നദീതീരം സംരക്ഷിക്കുന്നതിന് കളക്ടർക്കുള്ള ചുമതലയ്ക്ക് പുറമെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളേയും ചുമതലകൾ നിയമാനുസൃതം ഏൽപ്പിക്കുന്നതിന് നിയമത്തിലോ ചട്ടത്തിലോ ഭേദഗതികൾ വരുത്തി വ്യവസ്ഥകൾ വയ്ക്കുന്നകാര്യം പരിശോധിക്കാവുന്നതാണ്. അതിനാൽ ബാക്കിവയ്ക്കുന്ന 50 ശതമാനം തുക നദികളിലെ മലിനീകരണം തടയുന്നതിനും നദികളുടെ സംരക്ഷണത്തിനുമായി തദ്ദേശസ്വയംഭരണ സ്ഥാപനം വിനിയോഗിക്കണമെന്ന സമിതിയുടെ ശിപാർശ പുനഃപരിശോധിക്കണമെന്ന് സമിതിയോട് അഭ്യർത്ഥിക്കുന്നു.

### (ബി) റവന്യൂ (പി) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 28115/പി3/13/ റവന്യൂ തീയതി 17-3-2014)

കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും നിയമം 2001-ലും 2002-ലെ അനുബന്ധ ചട്ടങ്ങളിലും റിവർ മാനേജ്മെന്റ് ഫണ്ട് സ്വരൂപിക്കുന്നതിന്റേയും ആയത് വിനിയോഗിക്കുകയും ചെയ്യുന്നതിനും വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ആയതിൻപ്രകാരമാണ് റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിച്ച് വരുന്നത്. നദികളുടെ സംരക്ഷണത്തിനായുള്ള പ്രവർത്തികൾക്കാണ് റവന്യൂ വകുപ്പ് മുഖേന റിവർ മാനേജ്മെന്റ് ഫണ്ട് ചെലവഴിച്ചു വരുന്നത്. എന്നാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ലഭിക്കുന്ന തുക നദികളുടെ സംരക്ഷണത്തിനായി വിനിയോഗിക്കുന്ന തിനായി ആക്റ്റിൽ ആവശ്യമായ ഭേദഗതി വരുത്തുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

(പ്രസ്തുത മറുപടികൾ 27-8-2014-ലെ സമിതിയോഗം അംഗീകരിച്ചു.)

<u>ശിപാർശ 2</u>

റിവർ മാനേജ്മെന്റ് ഫണ്ടിന്റെ അൻപത് ശതമാനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു നൽകുന്നു എന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നദീതീര സംരക്ഷണത്തിനായി പ്രസ്തുത തുക ചെലവഴിക്കുന്നു എന്നും തെളിവെടുപ്പ് യോഗത്തിൽ ഹാജരായ റവന്യൂ വകുപ്പിൽ നിന്നുള്ള ഉദ്യോഗസ്ഥർ ഉൾപ്പെടെയുള്ളവർ വ്യക്തമാക്കിയിരുന്നെങ്കിലും തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ഹാജരായവർക്ക് ഇതു സംബന്ധിച്ച ഒരു വിവരവും ഇല്ല എന്നതാണ് സമിതിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്. അതിനാൽ ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ചുള്ള വ്യക്തമായ ധാരണ വിവിധ വകുപ്പുകൾ തമ്മിൽ ഉണ്ടാകണമെന്നും അതനുസരിച്ച് ഫണ്ട് വിഹിതം സാധ്യമാകണ മെന്നും സമിതി നിർദ്ദേശിക്കുന്നു.

<u>സ്വീകരിച്ച നടപടി</u>

## (എ) തദ്ദേശസ്വയംഭരണ (ആർ.സി.) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 59021/ആർ.സി3/13/തസ്വഭവ. തീയതി 25-02-2014)

റിവർ മാനേജ്മെന്റ് ഫണ്ടിന്റെ 50 ശതമാനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നു എന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നദീതീര സംരക്ഷണത്തിനായി പ്രസ്തുത തുക ചെലവഴിക്കുന്നു എന്നും തെളിവെടുപ്പ് യോഗത്തിൽ ഹാജരായ റവന്യൂ വകുപ്പിൽ നിന്നുള്ള ഉദ്യോഗസ്ഥർ ഉൾപ്പെടെ ഉള്ളവർ വ്യക്തമാക്കിയിരുന്നെങ്കിലും തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്ന് ഹാജരായവർക്ക് ഇത് സംബന്ധിച്ച് ഒരു വിവരവും ഇല്ല എന്നതാണ് സമിതിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത് എന്ന് ശിപാർശ 2-ൽ പറഞ്ഞിരിക്കുന്നു. റവന്യൂ ഉദ്യോഗസ്ഥരുടെ ഈ പ്രസ്താവം നിയമപരമായോ വസ്തുതാപരമായോ ശരിയല്ല. തദ്ദേശസ്വയംഭരണ സ്ഥാപനം മണൽ വിറ്റ് വിലയായി ശേഖരിക്കുന്ന തുകയുടെ 50-% മാത്രമാണ് റിവർ മാനേജ്മെന്റ് ഫണ്ടിന്റെ വരവിനം. കൂടാതെ പിഴ തുകയും, റവന്യൂ ഉദ്യോഗസ്ഥർക്ക് നേരിട്ട് മണൽ വിറ്റ് ഫണ്ടിൽ തുക ചേർക്കാമെന്ന് നിയമത്തിൽ ഒരിടത്തും പറഞ്ഞ് കാണുന്നില്ല. ഏതെങ്കിലും ഉത്തരവിന്റെ അടിസ്ഥാനത്തിൽ അപ്രകാരം ചെയ്യുന്നുവെങ്കിൽ അത് നിയമവിരുദ്ധമാണ്. ഗുരുതരമായ കുറ്റകൃത്യവുമാണ്. പിന്നെ എങ്ങനെയാണ് റവന്യൂ ഉദ്യോഗസ്ഥർ മണൽ വിറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് 50 ശതമാനം തുക നൽകിയതെന്നും പ്രസ്തുത തുക അവർ ചെലവഴിക്കുന്നുവെന്നും സമിതി മുമ്പാകെ തെളിവ് നൽകിയതെന്ന കാര്യം ഗൗരവമായി പരിശോധിക്കേണ്ടിയിരിക്കുന്നു. യഥാർത്ഥ സ്ഥിതി മനസ്സിലാക്കുന്നതിന് ആവശ്യമായ അന്വേഷണം ഏർപ്പാടാക്കേണ്ടതാണ്. ഫണ്ടിന്റെ സമാഹരണവും വിനിയോഗവും സംബന്ധിച്ച് കൃത്യമായ ചട്ടങ്ങളും വ്യവസ്ഥകളും ഉണ്ടാകാതെ ഫണ്ട് മാനേജ്മെന്റ് ഫലപ്രദമാക്കുന്നതിന് വകുപ്പുകൾ തമ്മിൽ ധാരണ ഉണ്ടാക്കിയിട്ട് കാര്യമില്ല. ആവശ്യമായ ചട്ടങ്ങളും വ്യവസ്ഥകളും രൂപീകരിക്കാൻ റവന്യൂ വകുപ്പിന് നിർദ്ദേശം നൽകാവുന്നതാണ്.

## (ബി) റവന്യൂ (പി) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 28115/പി3/13/തസ്വഭവ. തീയതി 17-3-2014)

മണൽ വിൽപ്പനയിലൂടെ ലഭിക്കുന്ന തുകയുടെ 50 ശതമാനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നെങ്കിലും ആയതിന്റെ വിനിയോഗം സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് റവന്യൂ വകുപ്പിലേക്ക് അറിയിക്കാറില്ല. അതിനാൽ റിവർ മാനേജ്മെന്റ് ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച് റവന്യൂ, തദ്ദേശസ്വയംഭരണം, ഇറിഗേഷൻ വകുപ്പുകൾ എന്നിവ സംയുക്തമായി ആലോചിച്ച് തീരുമാനം എടുക്കുന്നത് ഉചിതമായിരിക്കും. സമിതിയുടെ ശിപാർശ സ്വാഗതാർഹമാണ്.

(പ്രസ്തുത മറുപടികൾ സമിതിയുടെ 27-8-2014-ലെ സമിതിയോഗം അംഗീകരിച്ചു.)

## ശിപാർശ 3

റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് പ്രാവർത്തികമാക്കുന്ന പദ്ധതികൾക്ക് രൂപം നൽകുന്നത് ആരെന്നും അതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സ്ഥാനം എന്താണെന്നും വ്യക്തമാക്കേണ്ടതുണ്ട്. പദ്ധതികൾ തയ്യാറാക്കുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിർദ്ദേശങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

### (എ) ജലവിഭവ (ഐ.ആർ.) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 13610/ഐ.ആർ2/13/ജവിവ. തീയതി 12-2-2014)

റിവർ മാനേജ്മെൻറ് ഫണ്ട് ഉപയോഗിച്ച് നദീതീര സംരക്ഷണ പ്രവർത്തനങ്ങൾ ജലസേചന വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു. ജില്ലാ കളക്ടർ മുഖേന ലഭിക്കുന്ന തുകയുടെ വിനിയോഗം, ജനപ്രതിനിധികളുടേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും നിർദ്ദേശമനുസരിച്ചാണ് പ്രവൃത്തികൾ ഏറ്റെടുക്കുന്നത്.

### (ബി) തദ്ദേശസ്വയംഭരണ (ആർ.സി.) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 59021/ആർ.സി3/13/തസ്വഭവ. തീയതി 25-2-2014)

റിവർ മാനേജ്മെൻറ് ഫണ്ട് ഉപയോഗിച്ച് പ്രാവർത്തികമാക്കുന്ന പദ്ധതികൾക്ക് രൂപം നൽകുന്നതാരെന്നും അതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സ്ഥാനമെന്തെന്നും വ്യക്തമാക്കേണ്ടതുണ്ട് എന്ന് റിപ്പോർട്ടിലെ ശിപാർശ 3-ൽ പറയുന്നു. ഈ കാര്യങ്ങൾ വ്യക്തമാക്കിക്കൊണ്ട് നിയമവ്യവസ്ഥകളും ചട്ടങ്ങളിലെ വ്യവസ്ഥകളും, ഈ വക കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥർക്കെങ്കിലും ലഭ്യമാക്കേണ്ടതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിർവ്വഹിക്കേണ്ട കാര്യങ്ങളെപ്പറ്റി ചട്ടങ്ങളിൽ വ്യക്തമായ പരാമർശമുണ്ട്. പദ്ധതികൾ തയ്യാറാക്കുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിർദ്ദേശങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകേണ്ടതാണ്. ഈ നിയമത്തിനുകീഴിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ രൂപീകരിക്കണമെന്നും അവ എങ്ങനെ നടപ്പിലാക്കണമെന്നുമുള്ള കാര്യങ്ങളെ സംബന്ധിച്ചും ചെലവിനങ്ങളെ സംബന്ധിച്ചും, ഓഡിറ്റ് തുടങ്ങിയ നടപടിക്രമങ്ങളെ സംബന്ധിച്ചും ചട്ടങ്ങൾ രൂപീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടത് റവന്യൂ വകുപ്പിൽ നിന്നാണ് എന്നുള്ള വിവരം അറിയിക്കുന്നു.

## (സി) റവന്യൂ (പി) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 28115/പി3/13/റവന്യൂ തീയതി 17-3-2014)

റിവർ മാനേജ്മെൻറ് ഫണ്ട് ഉപയോഗിച്ച് പ്രാവർത്തികമാക്കുന്ന പദ്ധതികൾക്ക് രൂപം നൽകുന്നത് ഇറിഗേഷൻ വകുപ്പ് മുഖേനയാണ്. നദീതീര സംരക്ഷണ പ്രവർത്തികളും അതുമായി ബന്ധപ്പെട്ട മറ്റു വിഷയങ്ങളും ചർച്ച ചെയ്യുന്നതിനും നടപ്പിലാക്കുന്നതിനുമായി രൂപം കൊണ്ടിട്ടുള്ള ജില്ലാ വിദഗ്ദ്ധ സമിതിയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ അംഗമായിട്ടുള്ളതും അവരുടെ നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കിയും വരുന്നുണ്ട്.

(പ്രസ്തുത മറുപടികൾ 27-8-2014-ലെ സമിതിയോഗം അംഗീകരിച്ചു.)

<u>ശിപാർശ 4</u>

ആക്റ്റ് പ്രകാരം കടവോ നദീതീരമോ സംരക്ഷിക്കുന്നതുമാത്രമാണ് റിവർ മാനേജ്മെൻറ് ഫണ്ട് ഉപയോഗിക്കുവാൻ വ്യവസ്ഥ ചെയ്യുന്നത്. കടവുകളും നദീതീരങ്ങളും മാത്രം സംരക്ഷിച്ചതുകൊണ്ട് ഒരു നദി പൂർണ്ണമായും സംരക്ഷിക്കപ്പെടുന്നില്ല. അതിനെ മലിനമാക്കുന്ന എല്ലാ ഘടകങ്ങളേയും തടയുക കൂടി വേണം. ആയതിനാൽ നദികളിലേക്കൊഴുകുന്ന മലിനജലത്തെ ശുദ്ധീകരിക്കുന്നതിനാവശ്യമായ പദ്ധതികൾ പഞ്ചായത്ത് തലങ്ങളിൽ ആവിഷ്കരിച്ചു നടപ്പിലാക്കുന്നതിനും ഫണ്ട് ഉപയോഗപ്പെടുത്തുന്നതിനാവശ്യമായ ഭേദഗതികൾ കൊണ്ടുവരണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

## റവന്യൂ (പി) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 28115/പി3/13/റവന്യൂ തീയതി 17-3-2014)

നാലാം ശിപാർശ സ്വാഗതാർഹമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കുന്ന ഫണ്ട് ഉപയോഗിച്ച് നദികളിലേക്ക് ഒഴുകുന്ന മലിനജലം ശുദ്ധീകരിക്കാൻ ആവശ്യമായ നടപടികൾ പഞ്ചായത്ത് തലത്തിൽ ആവിഷ്കരിക്കാവുന്നതാണ്. കൂടാതെ മലിനീകരണനിയന്ത്രണ ബോർഡിനെ കൂടി ഉൾപ്പെടുത്തി മലിനീകരണം തടയുന്നതിനുള്ള പദ്ധതികൾക്ക് രൂപം കൊടുക്കാവുന്നതാണ്. ആക്റ്റിൽ വേണ്ട ഭേദഗതി കൊണ്ടുവരണമെന്ന കാര്യം പരിശോധിക്കാവുന്നതാണ്.

(മറുപടി 27-8-2014-ലെ സമിതിയോഗം അംഗീകരിച്ചു.)

<u>ശിപാർശ 5</u>

റിവർ മാനേജ്മെൻറ് ഫണ്ട് ഉപയോഗിച്ച് നദികളുടെ കരകൾ കരിങ്കൽഭിത്തി കെട്ടി സംരക്ഷിക്കുന്ന പ്രക്രിയയാണ് ഇപ്പോൾ പ്രധാനമായും കണ്ടുവരുന്നത്. ഈ പ്രക്രിയ

അനസ്യൂതം തുടർന്നാൽ നദികൾ ക്രമേണ കനാലുകളായി മാറുന്ന അവസ്ഥയിലെത്തി ച്ചേരുന്നതാണ്. അതിനാൽ നദീതീരങ്ങൾ പ്രകൃതിയുടെ സംരക്ഷണ രീതികൾ അവലംബിച്ച് മുള, ഈറ, രാമച്ചം തുടങ്ങിയ പുല്ലുവർഗ്ഗത്തിലുള്ള ചെടികൾ നട്ടുവളർത്തി സംരക്ഷിക്കുന്നതിനുള്ള പദ്ധതികൾക്ക് രൂപം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

**(എ) ജലവിഭവ (ഐ.ആർ.) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 13610/ഐ.ആർ2/13/ജവിവ.തീയതി 12-2-2014)

ജലസേചന വകുപ്പ് മുഖേന നടപ്പിലാക്കുന്ന നദീതീര സംരക്ഷണ പ്രവൃത്തികൾക്ക് കരിങ്കല്ലിനുപുറമെ ബണ്ടുകൾ ബലപ്പെടുത്തുന്നതിനായി പുല്ലുകൾ കൂടി വച്ചുപിടിപ്പിക്കാറുണ്ട്. നിയമസഭാ കമ്മിറ്റിയുടെ നിർദ്ദേശമനുസരിച്ച് ഭാവിയിൽ ഏറ്റെടുക്കുന്ന പ്രവൃത്തികളിൽ പ്രകൃതിദത്ത സംരക്ഷണ പ്രവർത്തനം കൂടി ഉൾപ്പെടുത്താൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുന്നതാണ്.

**(ബി) റവന്യൂ (പി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 28115/പി3/13/റവന്യൂ തീയതി 17-3-2014)

നദികളിൽ നിന്നുള്ള മണലൂററ് തടഞ്ഞ് വാഹനം നദീതീരത്ത് ഇറക്കുന്നത് തടയുന്നതിനും വേണ്ടിയാണ് നദീതീരങ്ങളിൽ ഭിത്തി നിർമ്മിച്ച് വരുന്നത്. നദികളുടെ സ്വാഭാവികത നിലനിർത്തുന്നതിനായി നദീതീരങ്ങളിൽ മുള, ഈറ, രാമച്ചം തുടങ്ങിയവ വച്ചുപിടിപ്പിക്കുന്ന പദ്ധതികളും നടപ്പിലാക്കേണ്ടതെന്ന ശിപാർശ അംഗീകരിക്കാവുന്ന താണ്.

(പ്രസ്തുത മറുപടികൾ 27-8-2014-ലെ സമിതിയോഗം അംഗീകരിച്ചു.)

<u>ശിപാർശ 6</u>

റിവർ മാനേജ്മെൻറ് ഫണ്ട് നദിയുടെ സ്വാഭാവികാവസ്ഥ നിലനിർത്തുന്ന തിനാവശ്യമായ പദ്ധതികൾക്കാണ് ഉപയോഗിക്കേണ്ടത്. ഇതിൽ നദികളിലെ ജലത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്ന പദ്ധതികളും ഉൾപ്പെടുത്തേണ്ടതാണ്. ഇത്തരം പദ്ധതികളുടെ നടത്തിപ്പും പുരോഗതിയും സംബന്ധിച്ച കാര്യങ്ങൾ സമിതിക്ക് പഠിക്കേണ്ടതായുണ്ട്. അതിനാൽ ഭാവിയിൽ ഇത്തരം പദ്ധതികൾക്ക് ഊന്നൽ നൽകുന്നതിനായി ആക്റ്റിൽ ഭേദഗതി ആവശ്യമെങ്കിൽ അതിനാവശ്യമായ നടപടി സ്വീകരിക്കുകയും പദ്ധതികളുടെ നടത്തിപ്പും പുരോഗതിയും സംബന്ധിച്ച വിവരങ്ങൾ ഓരോ വർഷവും സമിതിക്ക് നൽകേണ്ടതുമാണ്.

സ്വീകരിച്ച നടപടി

## (എ) റവന്യൂ (പി) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 28115/പി3/13/റവന്യൂ തീയതി 17-3-2014)

നദീതീര സംരക്ഷണ പദ്ധതികളിൽ നദികളിലെ ജലത്തിന്റെ ഗുണനിലവാരം ഉറപ്പു വരുത്തുന്ന പദ്ധതികളും ഉൾപ്പെടുത്തണമെന്ന ശിപാർശ സ്വാഗതാർഹമാണ്. കൂടാതെ കേരളത്തിലെ നദികളുടെ ജലത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും സംരക്ഷണത്തിനും പരിപാലനത്തിനും ആവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനായി "2011-ലെ കേരള ജലവിഭവ സംരക്ഷണ പരിപാലന ബിൽ" സർക്കാർ പരിഗണനയിലാണ്.

## (ബി) പരിസ്ഥിതി (എ) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 1358/എ 3/14/പരി. തീയതി 25-8-2014)

നദികളുടെയും അവയുടെ ആവാസവ്യവസ്ഥയേയും സംരക്ഷിക്കുന്നതുമായി ബന്ധപ്പെട്ട പരിസ്ഥിതി കമ്മിറ്റിയുടെയും വിദഗ്ധ സമിതികളുടെ ശിപാർശകളെയും അടിസ്ഥാനമാക്കി വിശദമായ ഒരു ഉത്തരവ് പുറപ്പെടുവിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. ഇതുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ സർക്കാർ ഉത്തരവിന്റെ കരട് മന്ത്രിസഭാ തീരുമാന പ്രകാരം റവന്യൂ വകുപ്പിന്റെ അഭിപ്രായത്തിനായി അയച്ചിരിക്കുകയാണ്.

(പ്രസ്തുത മറുപടികൾ സമിതിയുടെ 27-8-2014-ലെ സമിതി യോഗം അംഗീകരിച്ചു.)

ശിപാർശ 7

റിവർ മാനേജ്മെന്റ് ഫണ്ടിന്റെ വാർഷിക ഓഡിറ്റ് ഇപ്പോൾ നിർവ്വഹിച്ചു വരുന്നത് ചാർട്ടേർഡ് അക്കൗണ്ടന്റുമാർ മുഖേനയാണ്. സർക്കാരിന്റേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും കണക്കുകൾ ഓഡിറ്റ് ചെയ്യുന്നത് സർക്കാരിന്റെ നിലവിലെ സംവിധാനമുപയോഗിച്ചാണ്. സർക്കാർ സ്ഥാപനങ്ങളുടെ കണക്കുകൾ ഓഡിറ്റ് ചെയ്യുവാൻ നിലവിൽ സംവിധാനങ്ങൾ ഉള്ളപ്പോൾ റിവർ മാനേജ്മെന്റ് ഫണ്ട് ഓഡിറ്റ് ചെയ്യുന്ന ജോലി മാത്രം ചാർട്ടേർഡ് അക്കൗണ്ടന്റുമാരെ ഏൽപ്പിക്കുന്നതിലെ സാംഗത്യം സമിതിക്ക് മനസ്സിലാകുന്നില്ല. ആയതിനാൽ റിവർ മാനേജ്മെന്റ് ഫണ്ടിലെ ഓഡിറ്റിംഗ് ജോലികളും സർക്കാരിന്റെ നിലവിലെ സംവിധാനമുപയോഗിച്ചു നിർവ്വഹിക്കുന്നതിനുവേണ്ടതായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

## റവന്യൂ (പി) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 28115/പി3/13/റവന്യൂ തീയതി 17-3-2014)

റിവർ മാനേജ്മെന്റ് ഫണ്ടിലെ വരവ് ചെലവുകൾ എല്ലാ വർഷവും ഒരു ചാർട്ടേർഡ് അക്കൗണ്ടന്റിനെകൊണ്ട് ഓഡിറ്റ് ചെയ്യിക്കണമെന്ന കേരള നദീതീര സംരക്ഷണവും

മണൽവാരൽ നിയന്ത്രണവും ചട്ടങ്ങളിലെ ചട്ടം 23-ൽ നിഷ്കർഷിക്കുന്നത് ഇപ്രകാരമാണ്. പല ജില്ലകളിലും ചാർട്ടേർഡ് അക്കൗണ്ടന്റ് മുഖേനയാണ് ഓഡിറ്റ് നടത്തി വരുന്നത്.

കൂടാതെ വിവിധ ജില്ലകളിൽ സർക്കാരിന്റെ നിലവിലെ സംവിധാനം ഉപയോഗിച്ച് വാർഷിക പരിശോധനകളും നടന്നു വരുന്നു.

(മറുപടി സമിതിയുടെ 27-8-2014-ലെ യോഗം അംഗീകരിച്ചു.)

ശിപാർശ 8

ആക്റ്റിൽ വിവക്ഷിക്കും പ്രകാരം നദികളിലെ മണലിന്റെ അളവ് കാലാകാലങ്ങളിൽ സെസ്സിന്റെ സഹായത്തോടെ തിട്ടപ്പെടുത്തേണ്ടതും (Sand Audit) അളവിൽ കവിഞ്ഞ് മണൽഖനനം നടത്തുന്നില്ല എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്. അനധികൃതമായി മണൽഖനനം നടത്തുന്നവർക്കെതിരെ ശക്തമായ നിയമനടപടി സ്വീകരിക്കുന്നതോടൊപ്പം ഇത്തരം പ്രവൃത്തികൾക്ക് കൂട്ടു നിൽക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കേണ്ടതുമാണ്.

സർക്കാർ സ്വീകരിച്ച നടപടി

## (എ) ജലവിഭവ (ഐ.ആർ.) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 13610/ഐ.ആർ2/13/ജവിവ. തീയതി 12-2-2014)

ഓരോ കടവിലും CESS നടത്തുന്ന Sand Audit-നെ സംബന്ധിച്ച വിവരങ്ങൾ വെബ്സൈറ്റിൽ പ്രത്യേകമായി നൽകുന്നത് സുതാര്യത ഉറപ്പാക്കും. അനധികൃത മണൽ ഖനനത്തിനെതിരെ നടപടി സ്വീകരിക്കുന്നത് റവന്യൂ, ആഭ്യന്തര വകുപ്പുകളാണ്.

## (ബി) റവന്യൂ (പി) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 28115/പി3/13/റവന്യൂ തീയതി 17-3-2014)

സംസ്ഥാനത്തെ 20 നദികളിൽ സാന്റ് ഓഡിറ്റ് പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. മറ്റു നദികളിൽ കൂടി മണൽ ഓഡിറ്റ് നടത്തുന്ന കാര്യം പരിഗണിക്കുന്നതാണ്. അനധികൃത മണൽഖനനവും കടത്തും തടയുന്നതിന് താലൂക്ക്/ജില്ലാ ഡിവിഷൻ തലങ്ങളിൽ സ്ക്വാഡുകൾ രൂപീകരിച്ച് ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. അനധികൃതമായി മണൽഖനനം നടത്തുന്ന പ്രവൃത്തിക്ക് കൂട്ടുനിൽക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി, സസ്പെൻഷൻ മുതലായ നടപടികൾ സ്വീകരിച്ചു വരുന്നു.

(പ്രസ്തുത മറുപടികൾ സമിതിയുടെ 27-8-2014-ലെ യോഗം അംഗീകരിച്ചു.)

## (സി) ആഭ്യന്തര (എച്ച്) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 9492/എച്ച് 5/13/ആഭ്യ. തീയതി 31-7-2015)

അനധികൃത മണൽഖനനവും കള്ളക്കടത്തും തടയുന്നതിന് ശക്തമായ നിയമനടപടികൾ പോലീസ് വകുപ്പ് ഇപ്പോൾ തന്നെ സ്വീകരിച്ചുവരുന്നുണ്ട്. മണൽക്കടത്തിന് കൂട്ടുനിൽക്കുന്ന പോലീസ് ഉദ്യോഗസ്ഥരെ സംബന്ധിക്കുന്ന വിശദാംശങ്ങൾ പോലീസിലെ ഇന്റലിജൻസ് വിഭാഗം ശേഖരിക്കുകയും ഇവർക്കെതിരെ സ്വീകരിക്കേണ്ട നടപടികളെ സംബന്ധിച്ച ശിപാർശകൾ സമർപ്പിക്കുകയും ചെയ്യുന്നുണ്ട്. കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ സസ്പെൻഷൻ അടക്കമുള്ള വകുപ്പുതല/ക്രിമിനൽ നടപടികൾ സ്വീകരിക്കുന്നുണ്ട്. മണൽ കള്ളക്കടത്ത് വ്യാപകമായി നടക്കുന്ന സ്ഥലങ്ങൾ കേന്ദ്രീകരിച്ച് സ്പെഷ്യൽ ബ്രാഞ്ചിന്റെ സഹായത്തോടെ പ്രത്യേക നിരീക്ഷണ സംവിധാനം ഏർപ്പെടുത്താനും മണൽക്കടത്തിന് കൂട്ടുനിൽക്കുന്ന പോലീസുദ്യോഗസ്ഥർക്കെതിരെ അടിയന്തര നടപടികൾ യഥാസമയം മോണിറ്റർ ചെയ്യാനും കുറ്റമറ്റ ഒരു പൊതുസംവിധാനം ഏർപ്പെടുത്താൻ സർക്കാർ സംസ്ഥാന പോലീസ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## (ഡി) ആഭ്യന്തര (ജി) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 84576/ജി3/13/ആഭ്യന്തരം തീയതി 4-8-2015)

നദികളിലെ മണലിന്റെ അളവ് സെസ്സ് തുടങ്ങിയവ നിർണ്ണയിക്കുന്നത് മൈനിംഗ് ആന്റ് ജിയോളജി, പഞ്ചായത്ത് എന്നീ വകുപ്പുകളാണ്. അനധികൃത മണൽഖനനം ശ്രദ്ധയിൽപ്പെട്ടാൽ അവർക്കെതിരെ നിലവിലുള്ള നിയമ വ്യവസ്ഥകൾ അനുസരിച്ച് കർശന നിയമനടപടികൾ സ്വീകരിക്കേണ്ടതാണെന്നുള്ള സമിതി നിർദ്ദേശം ബന്ധപ്പെട്ട പോലീസുദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്. മണൽഖനനത്തിനെതിരെയും ആയതിന് കൂട്ടുനിൽക്കുന്ന ഉദ്യോഗസ്ഥർക്കെതിരെയും കർശനമായ നിയമനടപടികൾ സ്വീകരിച്ചു വരുന്നു.

(പ്രസ്തുത മറുപടികൾ 5-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

### ശിപാർശ 9

അനധികൃത മണൽഖനനം തടയുന്നതിനുള്ള റെയ്ഡിനായി സ്വകാര്യ വാഹനങ്ങൾ വാടകയ്ക്കെടുക്കുന്ന രീതിയാണ് നിലവിലുള്ളത്. വാഹനങ്ങളുടെ വാടക, ടയർ വാങ്ങുന്നതുൾപ്പെടെയുള്ള മെയിന്റനൻസ് എന്നിവയ്ക്ക് വ്യാപകമായി ഫണ്ട് ദുരുപയോഗം ചെയ്തതായി സമിതി മനസ്സിലാക്കി. അത് റിവർ മാനേജ്മെന്റ് ഫണ്ടിന്റെ അതിരുവിട്ട ചെലവിന് ഇടയാക്കുന്നതായി ഓരോ ജില്ലയിലേയും കണക്കുകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമാവുകയുണ്ടായി. ഇതുമൂലം ഉദ്ദേശിക്കുന്ന ഫലം ഉണ്ടാകുവാൻ സാധ്യതയുള്ളതായും സമിതിക്ക് അഭിപ്രായമില്ല. റെയ്ഡ് സംബന്ധിച്ച വിവരങ്ങൾ രഹസ്യമായി മണൽഖനനം ചെയ്യുന്നവർ അറിയുവാൻ ഇത് കാരണമാകുന്നതാണ്. ആകയാൽ റെയ്ഡിനായി ഫണ്ടുപയോഗിച്ച് ആവശ്യം വേണ്ട സാധനങ്ങൾ വാങ്ങുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**(എ) റവന്യൂ (പി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 28115/പി3/14/റവന്യൂ തീയതി 17-3-2014)

25-6-2013-ൽ കൂടിയ സംസ്ഥാന ഉന്നതതല സമിതി അനധികൃത മണൽ കടത്തിനെതിരെയുള്ള സ്ക്വാഡ് പ്രവർത്തനത്തിന് ഉപയോഗിക്കുന്നതിനായി വിവിധ ജില്ലകൾക്ക് മൊത്തം 30 വാഹനങ്ങൾ വാങ്ങുവാൻ തീരുമാനിച്ചിട്ടുണ്ട്.

(മറുപടി 27-8-2014-ലെ സമിതിയോഗം അംഗീകരിച്ചു.)

**(ബി) ആഭ്യന്തര (ജി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 84576/ജി3/13/ആഭ്യന്തരം തീയതി 4-8-2015)

മണൽഖനനം തടയുന്നതിനായിട്ടുള്ള റെയ്ഡുകളിൽ ആഭ്യന്തര വകുപ്പ് പോലീസ് വാഹനങ്ങളാണ് ഉപയോഗിച്ചുവരുന്നത്. ഈ ആവശ്യത്തിലേക്ക് സ്വകാര്യ വാഹനങ്ങൾ ഒന്നുംതന്നെ വാടകയ്ക്ക് എടുക്കുന്നില്ല. അനധികൃത മണൽഖനനം തടയുന്നതിനുള്ള റെയ്ഡ് വിവരങ്ങൾ രഹസ്യമായി സൂക്ഷിക്കുന്നുണ്ട്.

(ഈ മറുപടി 5-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

<u>ശിപാർശ 10</u>

റിവർ മാനേജ്മെന്റ് ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച വിഷയം കൈകാര്യം ചെയ്യുന്നത് പ്രധാനമായും റവന്യൂ, തദ്ദേശസ്വയംഭരണം, ഇറിഗേഷൻ, പരിസ്ഥിതി എന്നീ വകുപ്പുകൾ സംയുക്തമായിട്ടാണ്. ഇത് ഫണ്ടുപയോഗിച്ചുള്ള പദ്ധതികളുടെ നടത്തിപ്പിനെ പ്രതികൂലമായി ബാധിക്കുമെന്നതിൽ സംശയമില്ല. ഫണ്ട് കൈകാര്യം ചെയ്യുന്നതിൽ കാര്യക്ഷമതയോടെയുള്ള മേൽനോട്ടം അനിവാര്യമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഇതിലേക്കായി State River and Wetland Authority എന്ന പേരിൽ ഒരു അതോറിറ്റി രൂപീകരിക്കണം എന്നും സംസ്ഥാനത്തിന്റെ വിസ്തീർണ്ണവും നദികളുടെ എണ്ണവും കണക്കിലെടുത്ത് അതോറിറ്റിയുടെ കീഴിൽ മേഖലാടിസ്ഥാനത്തിൽ River and Wetland ബോർഡുകൾ രൂപീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

## (എ) ജലവിഭവ (ഐ.ആർ.) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 13630/ഐ.ആർ2/13/ജവിവ. തീയതി 12-2-2014)

സംസ്ഥാനത്തെ നദികളുടെയും തണ്ണീർത്തടങ്ങളുടെയും സുസ്ഥിര വികസനവും സംരക്ഷണവും ഉറപ്പാക്കുന്നതിനായി "കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ആക്ട്-2003" ഭേദഗതി ചെയ്തു "കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ (അമെന്റ്മെന്റ്) ബിൽ" പാസ്സാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. പ്രസ്തുത ബില്ലിലെ 10-ാം വകുപ്പ് 7-സി ഉപവകുപ്പിൽ—(Sub-clause 7C of Clause 10)—നദീ ബോർഡുകളുടെയും തണ്ണീർത്തട ബോർഡുകളുടെയും പ്രവർത്തനം ഏകോപിപ്പിക്കുന്നതിനായി "സംസ്ഥാന നദീ-തണ്ണീർത്തട അതോറിറ്റി" രൂപീകരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ വിശദമായി പരാമർശിച്ചിട്ടുണ്ട്. ജലസ്രോതസ്സുകളും തണ്ണീർത്തടങ്ങളും സംരക്ഷിക്കുക, സംസ്ഥാനത്തിനകത്തെ ജലവിനിയോഗം ക്രമീകരിക്കുക, ജലമലിനീകരണം തടയുക, ജലസ്രോതസ്സുകളെ പ്രതികൂലമായി ബാധിക്കുന്ന തരത്തിലുള്ള പ്രകൃതിചൂഷണം തടയുന്നതിനുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിക്കുക, ജലസംബന്ധമായ നാശനഷ്ടങ്ങൾ തടയുന്നതിനുള്ള മാർഗ്ഗങ്ങൾ ഉറപ്പുവരുത്തുക എന്നിവ പ്രസ്തുത അതോറിറ്റിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളിൽ ഉൾപ്പെടുന്നു.

## (ബി) റവന്യൂ (പി) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 28115/പി3/13/റവന്യൂ തീയതി 17-3-2014)

റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ചുള്ള പദ്ധതികൾക്ക് നിലവിൽ 50,000 രൂപ വരെ ജില്ലാ വിദഗ്ദ്ധ സമിതി അദ്ധ്യക്ഷനായ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ പരിശോധിച്ച് അംഗീകാരം നൽകിവരികയും 2013-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും നിയമം (ഭേദഗതി) ആക്ടിലെ വ്യവസ്ഥ പ്രകാരം 50,000 രൂപയിൽ കൂടുതൽ ചെലവ് എസ്റ്റിമേറ്റ് വരുന്ന പ്രവൃത്തികൾ ജില്ലാ വിദഗ്ദ്ധ സമിതി പരിശോധിച്ച് സർക്കാരിൽ സമർപ്പിക്കുന്നതിന് പരിശോധിക്കാനായി റവന്യൂ വകുപ്പുമന്ത്രി അദ്ധ്യക്ഷനായി സംസ്ഥാന ഉന്നതതല സമിതി രൂപീകരിച്ചിട്ടുള്ളതും ടി സമിതി 25-6-2013-ന് ആദ്യമായി ചേരുകയും സർക്കാരിൽ ലഭ്യമാക്കിയ നദീതീര സംരക്ഷണ പ്രവൃത്തികൾക്ക് അംഗീകാരം നൽകിയിട്ടുള്ളതുമാണ്. സംസ്ഥാന ഉന്നതതല സമിതി അംഗീകരിക്കുന്ന പ്രവൃത്തികൾ ഇറിഗേഷൻ എഞ്ചിനീയറിംഗ് വിംഗ് മുഖേന നടപ്പിലാക്കിവരുന്നു. ഈ സാഹചര്യത്തിൽ സമിതി ശിപാർശ ചെയ്ത ഏജൻസികളെ നിയോഗിക്കുന്ന കാര്യം ഇപ്പോൾ സർക്കാർ പരിഗണനയിലില്ല.

## (സി) പരിസ്ഥിതി (എ)വകുപ്പ്

(സർക്കാർ കത്ത് നമ്പർ 1358/എ 3/14/പരി. തീയതി 25-8-2014)

റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗത്തിൽ പരിസ്ഥിതി വകുപ്പിന് പ്രത്യേകിച്ച് ഉത്തരവാദിത്വങ്ങളൊന്നും ഏൽപ്പിക്കപ്പെട്ടിട്ടില്ല. ഓരോ നദിക്കുവേണ്ടിയുള്ള റിവർ മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കേണ്ടത് കേരള ജലസേചനവും ജലസംരക്ഷണവും നിയമപ്രകാരം ജലവിഭവ വകുപ്പാണ്.

(പ്രസ്തുത മറുപടികൾ 27-8-2014-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ 11

സെസ്സ് മണൽ ഓഡിറ്റ് നടത്തിയതിൽ സംസ്ഥാനത്തെ മുഴുവൻ നദികളിലേയും ഓരോ കടവുകളിലും അനുവദിച്ചതിന്റെ എത്രയോ ഇരട്ടി മണൽ കള്ളക്കടത്തായി പോകുന്നുണ്ടെന്ന് വെളിപ്പെട്ടിരിക്കുന്നു. റിവർ മാനേജ്മെന്റ് ഫണ്ടുവഴി സർക്കാരിലേക്കു വരുന്ന കോടിക്കണക്കിനു രൂപയാണ് ഇത്തരത്തിൽ നഷ്ടപ്പെടുന്നത്. മുഴുവൻ നദികളിലേയും മണൽ ഓഡിറ്റ് ഉടൻ പൂർത്തിയാക്കി അനധികൃതമായി ഒരു ലോഡ് മണലും എടുക്കാത്തവിധം സർക്കാർ നടപടി സ്വീകരിക്കേണ്ടതാണ്. മണൽ മാഫിയയെ ഇല്ലായ്മ ചെയ്യുന്നതിന് സർക്കാർ കർശന നടപടി സ്വീകരിക്കേണ്ടതാണ്.

സർക്കാർ സ്വീകരിച്ച നടപടി

**(എ) റവന്യൂ (പി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 28115/പി3/13/റവന്യൂ തീയതി 17-3-2014)

അനധികൃത മണൽഖനനവും കടത്തും തടയുന്നതിന് താലൂക്ക്, ജില്ല, ഡിവിഷൻ തലങ്ങളിൽ സ്ക്വാഡുകൾ രൂപീകരിച്ച് ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. 2013-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും ആക്റ്റ് വ്യവസ്ഥ ചെയ്യുന്നതു പ്രകാരം നദീതീര സംരക്ഷണസേന രൂപീകരിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

(ഈ മറുപടി 27-8-2014-ലെ സമിതിയോഗം അംഗീകരിച്ചു.)

**(ബി) ആഭ്യന്തര (ജി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 84576/ജി3/13/ആഭ്യന്തരം തീയതി 4-8-2015)

മണൽ കടവുകൾ അനുവദിക്കുന്നത് തദ്ദേശസ്വയംഭരണ വകുപ്പ് ആണ്. അനധികൃത മണൽ കടവുകൾക്കെതിരെയും മണൽഖനനവും വിപണനവും നടത്തുന്നവർക്കെതിരെയും പോലീസ് വകുപ്പിന്റെ ഭാഗത്തുനിന്ന് കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്. കൂടാതെ റവന്യൂ വകുപ്പിന്റെ സഹകരണത്തോടെ പരിശോധനകൾ നടത്തിവരുന്നതും നിയമനടപടികൾ സ്വീകരിച്ചുവരുന്നതുമാണ്.

(ഈ മറുപടി 5-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ 12

നഗരങ്ങളിലേയും ഗ്രാമങ്ങളിലേയും മലിനജലം ചെന്നുചേരുന്നത് നദികളടക്കമുള്ള ജലാശയങ്ങളിലാണ്. ഈ മലിനജലം ശുദ്ധീകരിക്കാൻ തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങൾക്ക് റിവർ മാനേജ്മെന്റ് ഫണ്ട് കൂടി ഉപയോഗപ്പെടുത്തി സർക്കാരിന്റെ കൂടി സാമ്പത്തിക സഹായത്താൽ പദ്ധതികൾ ആവിഷ്കരിക്കുകയും നിശ്ചിതസമയത്ത് അവ പൂർത്തിയാക്കുകയും ചെയ്യേണ്ടതാണ്. ഇതിൽ പരാജയപ്പെടുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മേധാവികളേയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരേയും പ്രോസിക്യൂട്ട് ചെയ്യുവാനും ശിക്ഷ നൽകുവാനും നിയമം ഭേദഗതി ചെയ്യേണ്ടതാണ്.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**റവന്യൂ (പി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 28115/പി3/13/റവന്യൂ തീയതി 17-3-2014)

കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും ചട്ടം 2002 17(സി) പ്രകാരം നദിയിൽ എത്തിച്ചേരുന്ന വെള്ളച്ചാലുകളിലേക്ക് മാലിന്യം ഒഴുക്കി വിടാതിരിക്കാൻ നടപടികൾ സ്വീകരിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(പ്രസ്തുത മറുപടി 27-8-2014-ലെ സമിതിയോഗം അംഗീകരിച്ചു.)

<u>ശിപാർശ 13</u>

പത്ത് വർഷത്തെ റിവർ മാനേജ്മെന്റ് ഫണ്ടിന്റെ വരവും ചെയ്ത പ്രവൃത്തികളുടെ ചെലവിന്റേയും കണക്കുകൾ ആവർത്തിച്ചാവശ്യപ്പെട്ടിട്ടും നൂറ് ശതമാനവും ലഭ്യമായിട്ടില്ല. ഇതുതന്നെ ദുരൂഹമായ കാര്യമാണ്. റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിക്കേണ്ട നിലവിലുള്ള ഉത്തരവുകൾ പാലിക്കാതിരിക്കുക, അനാവശ്യ ചെലവുകൾ ചെയ്യുക, വ്യാപകമായ അഴിമതി നടത്തുക എന്നിവ ഉണ്ടായിട്ടുണ്ടെന്ന് സമിതി കരുതുന്നു. സർക്കാരിന്റെ കണക്കുകൾ C&AG യേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കണക്കുകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പും പരിശോധിക്കുന്ന സ്ഥിതിവിട്ട് റിവർ മാനേജ്മെന്റ് ഫണ്ട് മാത്രം സാധാരണ ഓഡിറ്റർമാരെക്കൊണ്ട് ഓഡിറ്റ് ചെയ്യുന്നതിന്റെ കാരണം വ്യക്തമല്ല. C&AG റിപ്പോർട്ടുകൾ നിയമസഭയുടെ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയും ലോക്കൽ ഫണ്ട് അക്കൗണ്ട്സ് റിപ്പോർട്ടുകൾ നിയമസഭയുടെ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയും പരിശോധിക്കാറുണ്ട്. എന്നാൽ റിവർ മാനേജ്മെന്റ് ഫണ്ടിന്റെ വിനിയോഗമോ ഓഡിറ്റ് റിപ്പോർട്ടോ വേണ്ടത്ര പരിശോധന നടത്തുന്നില്ലെന്ന് സമിതിക്ക് ബോധ്യപ്പെട്ടിരിക്കുന്നു. ആയതിനാൽ കഴിഞ്ഞ പത്ത് വർഷത്തെ റിവർ മാനേജ്മെന്റ് ഫണ്ടിന്റെ വിനിയോഗത്തെ സംബന്ധിച്ച് നടന്ന ക്രമക്കേടുകളെപ്പറ്റി വിജിലൻസ് അന്വേഷണം നടത്തണമെന്ന് സമിതി സർക്കാരിനോട് ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

## (എ) റവന്യൂ (പി) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 28115/പി3/13/റവന്യൂ തീയതി 17-3-2014)

അടിസ്ഥാനപരമായ ആരോപണങ്ങളോ അല്ലെങ്കിൽ സർക്കാരിന്റെ അന്വേഷണ ഏജൻസികളുടെ റിപ്പോർട്ടുകളോ ലഭിച്ചാൽ റിവർ മാനേജ്മെന്റ് ഫണ്ടിന്റെ വിനിയോഗത്തിൽ വീഴ്ചയുണ്ടെന്ന് പ്രഥമദൃഷ്ട്യാ ബോധ്യപ്പെടുന്നപക്ഷം വിജിലൻസ് അന്വേഷണം/മറ്റ് ശിക്ഷാ നടപടികൾ/അച്ചടക്ക നടപടികൾ ഉൾപ്പെടെയുള്ള മാർഗ്ഗങ്ങൾ സർക്കാർ സ്വീകരിക്കുന്നതാണ്.

കൂടാതെ റിവർ മാനേജ്മെന്റ് ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച് വിജിലൻസ് വകുപ്പ് നടത്തിവരുന്ന അന്വേഷണത്തിൽ റവന്യൂ വകുപ്പിൽ നിന്നും മതിയായ യോഗ്യതയുള്ള ഒരു ഉദ്യോഗസ്ഥന്റെ സേവനം ലഭ്യമാക്കാൻ ഇപ്പോൾ വിജിലൻസ് വകുപ്പ് ആവശ്യപ്പെട്ടിരിക്കുകയാണ്. ആയതിൻമേൽ റവന്യൂ ഉദ്യോഗസ്ഥരുടെ ഒരു പാനൽ ക്ഷണിച്ചിട്ടുള്ളതും ഉടനെ തന്നെ കാര്യക്ഷമതയുള്ള ഒരു ഉദ്യോഗസ്ഥന്റെ സേവനം വിജിലൻസ് വകുപ്പിന് വിട്ടുനൽകുന്നതിന് നടപടി സ്വീകരിക്കുന്നതുമാണ്.

(പ്രസ്തുത മറുപടി 27-8-2014-ലെ സമിതിയോഗം അംഗീകരിച്ചു.)

## (ബി) വിജിലൻസ് (ഇ) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 4608/ഇ 1/13/വിജി. തീയതി 22-4-2014)

കഴിഞ്ഞ പത്ത് വർഷത്തെ റിവർ മാനേജ്മെന്റ് ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച് നടന്ന ക്രമക്കേടുകളെപ്പറ്റി ഒരു വിജിലൻസ് അന്വേഷണം നടത്തുവാൻ 10-5-2013-ലെ 4608/ഇ 1/2013/വിജി. നമ്പർ കത്ത് പ്രകാരം വിജിലൻസ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(മറുപടി 7-8-2014-ലെ സമിതിയോഗം അംഗീകരിച്ചു.)

സി. പി. മുഹമ്മദ്,
*അദ്ധ്യക്ഷൻ,*
*പരിസ്ഥിതി സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2015 ഡിസംബർ 15.